"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയ്ക്കായി വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിയിലെ 64.4075 ഹെക്ടർ ഏറ്റെടുക്കുന്നതിനായി വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/DMD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. സഉ(പി) നം.2/2024/ഡിഎംഡി തീയതി 09/08/2024
2. സഉ(കൈ) നം.11/2024/ഡിഎംഡി തീയതി 04/10/2024
3. സഉ(കൈ) നം.3/2025/ഡിഎംഡി തീയതി 28/02/2025
4. വയനാട് ജില്ലാകളക്ടറുടെ 07/03/2025 ലെ ഡിസിഡബ്ല്യൂവൈഡി/93/2025-ബി2(2) നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയ്ക്കായി വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് വൈത്തിരി താലൂക്ക് കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 19 ൽ റീസർവ്വെ നമ്പർ 88/158, 88/159, 88/62, 88/66, 88/137 എന്നിവയിൽപ്പെട്ട എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിയിലെ 64.4075 ഹെക്ടർ ഏറ്റെടുക്കുന്നതിനായി വിശദ വില വിവര റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 26,56,10,769/-രൂപ (ഇരുപത്തി ആറ് കോടി അൻപത്തിയാറ് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ , വയനാട് ടൗൺഷിപ്പ് പ്രൊജക്ട്
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുഭരണ(എസ് സി) വകുപ്പ്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ(ഡിആർഎഫ് -സി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 20-03-2025 12:18:52
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. ഡിഎം.എ2/145/2025/ഡിഎംഡി. ഇനം നം: 2802

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30.07.2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിനായി ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

2802

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎംഎ 2/ 145/ 2025-ഡിഎംഡി |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/ 07/ 2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിനായി ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/ 03/ 2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.അനുരാധ കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 17/ 03/ 2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/ 03/ 2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18/ 03/ 2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18/ 03/ 2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിനായി ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ 4/10/2024 ലെ സഉ(കൈ)നം.11/2024/ഡിഎംഡി പ്രകാരം തത്വത്തിൽ അംഗീകാരം നല്കിയിരുന്നു.

3. ഡിഡിഎംഎ (ജില്ലാ ദുരന്ത നിവാരണ അതോറിറ്റി) തയ്യാറാക്കിയ ദുരന്ത ബാധിത കുടുംബങ്ങളുടെ ലിസ്റ്റ് 430 അധികരിക്കാത്തതിനാലും സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപ്പൊട്ടൽ ബാധിത കുടുംബങ്ങൾക്ക് അനുവദിക്കുന്ന 15 ലക്ഷം രൂപ സ്വീകരിക്കുന്ന ഗുണഭോക്താക്കളും ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടും എന്നതിനാലും പുനരധിവാസത്തിനായി ആദ്യഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനും നെടുമ്പാല എസ്റ്റേറ്റിനെ ഒഴിവാക്കുന്നതിനും 28/02/2025 ലെ സഉ(കൈ)നം.3/2025/ഡിഎംഡി ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

4. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസ പദ്ധതിയ്ക്കായി വൈത്തിരി താലൂക്ക് കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 19 ൽ റീസർവ്വെ നമ്പർ 88/158, 88/159, 88/62, 88/66, 88/137 എന്നിവയിൽപ്പെട്ട എൽസ്റ്റൺ എസ്റ്റേറ്റിലെ 64.4705 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി വിശദ വില വിവര റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം 26,56,10,769/- രൂപ (ഇരുപത്തി ആറ് കോടി അൻപത്തിയാറ് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത് രൂപ) അനുവദിക്കണമെന്ന് വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട വിഷയം

വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയ്ക്കായി വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് വൈത്തിരി താലൂക്ക് കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 19 ൽ റീസർവ്വെ നമ്പർ 88/158, 88/159, 88/62, 88/66, 88/137 എന്നിവയിൽപ്പെട്ട എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിയിലെ 64.4075 ഹെക്ടർ ഏറ്റെടുക്കുന്നതിനായി വിശദ വില വിവര റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 26,56,10,769/- രൂപ (ഇരുപത്തി ആറ് കോടി അൻപത്തിയാറ് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത് രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കാമോ ?

## Schedule of Lands proposed to be Acquired for Rehabilitation Elston Estate

| | | | | | | Land | | | | | | | Trees | Buildings | Tea/Agri | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| SL NO | Taluk | Village | Block Survey/ New LA Sub Division No. | Tenure | Classification | Area Under Acquisition Hect. | Are | Rate per Are Rs. | Total Amount of Land (6447.05 x ₹ 38364) | Sec 30(3) 12% Interest | Multiplication factor | Amount of Estimated Compensation Rs. Ps. | Amount of Estimated Compensation Rs Ps | Amount of Estimated Compensation (₹ 5455224 + ₹ 1504222.37) Rs. Ps. | Amount of Estimated Compensation Rs. Ps. | Total of Columns 11,12, 13&14 Rs. Ps. | 100% solatium market value shown in column(1:1) | Total column (15) +(16)+(9) | Name of Pattadar | Name of the person in possession | Remarks |
| 1 | 2 | 3 | 4 | 5 | 5(a) | 6 | | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1 | Vythiri | Kalpetta | Block 19 Sr.No:88/158-63.6266 H, 88/62-0.0350H, 88/66-0.0560H, 88/137 -0.1640H , 88/159-0.5889H (TOTAL EXTENT-64.4705 H) | | Estate(Dry) | 64.4705 | 6447.05 | 38,364.00 | 24,73,34,626.20 | 0.00 | 1 | 24,73,34,626.20 | 48,63,548.96 | 69,59,446.37 | 64,53,147.00 | 26,56,10,768.53 | 0.00 | 26,56,10,768.53 | 1.Chembra peak Estate 2.Kunhumuhammed Kalapparamban S/o Ummar Elston Estate 3.A.N Appukkuttan Mannapparambil Rattakkolly | -do- | |
| Approved amount | | | | | | | | | | | | | | | | | | 26,56,10,768.53 | | | |
| Approved amount Rounded | | | | | | | | | | | | | | | | | | 26,56,10,769.00 | | | |
| (Twenty Six Crore Fifty Six lakh Ten Thousand Seven Hundred and Sixty Nine rupees only) | | | | | | | | | | | | | | | | | | | | | |

7/3/25

SPECIAL TAHSILDAR
LA (GENERAL)
WAYANAD

DISTRICT COLLECTOR
WAYANAD